പി. എസ്. സി. ക്കെതിരെയുള്ള കേസുകൾ

17 [3710] *ശ്രീ. എൻ. ഡി. അപ്പച്ചൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എം. എ. ചന്ദ്രശേഖരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-3-2005-ലെ നിലയനുസരിച്ച് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ എതിർകക്ഷിയായുള്ള എത്ര കേസുകൾ സംസ്ഥാന ഹൈക്കോടതി മുമ്പാകെയുണ്ട്;

(ബി) 31-3-2000-ൽ പബ്ലിക് സർവ്വീസ് കമ്മീഷൻ എതിർകക്ഷിയായുള്ള എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നു;

(സി) 31-3-2000-നു ശേഷം പി. എസ്. സി.ക്ക് എതിരെ ഇത്രയധികം കേസുകൾ വർദ്ധിക്കുവാനുള്ള കാരണമെന്ത്;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ 15-3-2005 വരെ പി. എസ്. സി. എതിർ കക്ഷിയായുള്ള എത്ര കേസുകളിൽ ഹൈക്കോടതി വിധി പറഞ്ഞു;

(ഇ) അതിൽ എത്ര കേസുകളിൽ ഹർജിക്കാരനനുകൂലമായ വിധിയുണ്ടായി?

ഉത്തരം

(എ)---(ഇ) പി. എസ്. സി. യിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

പി. എസ്. സി. ക്കെതിരെയുള്ള ഹൈക്കോടതിയിലെ കേസുകൾ

18 [3711] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, *സി. പി. മുഹമ്മദ്:*
,, *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ പി. എസ്. സി. ക്കെതിരെ ഹൈക്കോടതിയിൽ എത്ര കേസുകൾ ഫയൽ ചെയ്യപ്പെട്ടു;

(ബി) ഫയർ സെക്കണ്ടറി മലയാളം സീനിയർ അദ്ധ്യാപകരായി തെരഞ്ഞെടുക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പി. എസ്. സി. നടത്തിയ എഴുത്ത് പരീക്ഷയെ റ്റി റ്റി പരാതികളുമായി ആരെല്ലാം ഹൈക്കോടതിയെ സമീപിച്ചു;

(സി) ഹൈക്കോടതിയിൽ പരാതിക്കാർ ഉന്നയിച്ച പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഹൈക്കോടതി ഇക്കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവ് എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഉത്തരവിനെ പി. എസ്. സി. മാനിച്ചുവോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ)—(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വേണ്ടത്ര ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്ന റാങ്ക് ലിസ്റ്റ്

19 [3712] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *എൻ. ഡി. അപ്പച്ചൻ:*
,, *കെ. സി. ജോസ്ഫ്:*
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വേക്കൻസികളുടെ എണ്ണം കണക്കാക്കി, ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കൂട്ടി ആകെ ആവശ്യം വന്നേക്കുമെന്നു കരുതപ്പെടുന്ന എണ്ണങ്ങളുടെ വിവരം പി. എസ്. സി. യെ അറിയിക്കുമ്പോൾ അത്രയും എണ്ണംപോലും ഉദ്യോഗാർത്ഥികൾ ഇല്ലാത്ത അഡൈസ് ലിസ്റ്റ് പി. എസ്. സി. ഉണ്ടാക്കിയ സംഭവം ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗങ്ങളിലേക്കുള്ള നിയമനത്തിനാണ് ഇപ്രകാരമുള്ള ലിസ്റ്റ് ഉണ്ടാക്കിയത്?

ഉത്തരം

(എ) & (ബി) പി. എസ്. സി. യിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ എൽ. ഡി. ക്ളാർക്ക് ഒഴിവുകൾ നികത്തുവാൻ നടപടി

20 [3713] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയത്ത് ജില്ലയിൽ എൽ. ഡി. ക്ലാർക്കിന്റെ എത്ര ഒഴിവുകളാണ് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly